**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2121** **16-03-2022 - ൽ മറുപടിയ്ക്ക്**

**പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുന്ന പെരിട്ടോണിയൽ ഡയാലിസിസ് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിൽ ജനറൽ ആശുപത്രിയിലാണ് പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി ആരംഭിക്കുന്നത്. ഇതിനായുള്ള പരിശീലനങ്ങൾ മെഡിക്കൽ ഓഫീസർമാർക്കും അനുബന്ധ ജീവനക്കാർക്കും നൽകിയിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ കൂടി സഹകരണത്തോടു കൂടിയാണ് പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി ആരംഭിക്കുന്നത്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതിയിൽ നിലവിൽ 13 രോഗികൾക്ക് ചികിത്സ നൽകി വരുന്നു. RSBY കാർഡുള്ളവർക്ക് മരുന്നുകളും ചികിത്സയും സൗജന്യമായി നൽകി വരുന്നുണ്ട്. |
| (ബി) | ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രോഗികൾക്ക് സേവനംലഭ്യമാക്കിയിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | തൃശ്ശൂർ ജില്ലയിൽ ജനറൽ ആശുപത്രിയിലാണ് പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി ആരംഭിക്കുന്നത്. ഇതിനായുള്ള പരിശീലനങ്ങൾ മെഡിക്കൽ ഓഫീസർമാർക്കും അനുബന്ധ ജീവനക്കാർക്കും നൽകിയിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ കൂടി സഹകരണത്തോടു കൂടിയാണ് പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി ആരംഭിക്കുന്നത്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതിയിൽ നിലവിൽ 13 രോഗികൾക്ക് ചികിത്സ നൽകി വരുന്നു. RSBY കാർഡുള്ളവർക്ക് മരുന്നുകളും ചികിത്സയും സൗജന്യമായി നൽകി വരുന്നുണ്ട്. |
| (സി) | പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതിയിലേയ്ക്ക് രോഗികളെ തെരഞ്ഞെടുക്കുന്നതിന്റെ നടപടിക്രമം വിശദീകരിക്കാമോ? | (സി) | ഒരു രോഗിക്ക് പെരിട്ടോണിയൽ ഡയാലിസിസ് ആണോ ഹീമോ ഡയാലിസിസ് ആണോ ചെയ്യുന്നതെന്ന് ചികിത്സിക്കുന്ന ഡോക്ടറാണ് നിർണ്ണയിക്കേണ്ടത്. കിടപ്പിലായ രോഗികൾക്കും തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന രോഗികൾക്കും വീടുകളിൽ വച്ച് തന്നെ ഡയാലിസിസ് ചെയ്യാൻ സൗകര്യമൊരുക്കുന്ന പെരിട്ടോണിയൽ ഡയാലിസിസ് ആണ് |

| | | | |
|---|---|---|---|
| | | | അഭികാമ്യം. നിലവിലുള്ള വൃക്ക രോഗികളിൽ End Stage Renal Disease (ESRD) ലേക്ക് നീങ്ങിയ രോഗികളിൽ ഡയാലിസിസ് ആരംഭിക്കുമ്പോൾ രോഗിയുടെ കൂടെ സമ്മതം ആവശ്യപ്പെട്ടുകൊണ്ടാണ് പെരിട്ടോണിയൽ ഡയാലിസിസ് നടത്തുവാനുള്ള തീരുമാനം കൈക്കൊള്ളുന്നത്. രോഗിയുടെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചുകൊണ്ട് പൂർണ്ണമായും സൗജന്യമായാണ് നൽകുന്നത്. ഓരോ ഡയാലിസിസിനും പദ്ധതിയെപ്പറ്റി രോഗിയോടും ബന്ധുക്കളോടും വിശദീകരിച്ച ശേഷം അവരുടെ സമ്മതത്തോടെയാണ് പെരിട്ടോണിയൽ ഡയാലിസിസിന് തെരഞ്ഞെടുക്കുന്നത്. ഇതിന് ഒരു രീതിയിലുമുള്ള മാനദണ്ഡങ്ങൾ ബാധകമല്ല. |

സെക്ഷൻ ഓഫീസർ